## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3726      11-11-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### ദുരന്തനിവാരണ അതോറിറ്റി വഴി നീന്തൽ പരിശീലനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | വർഷന്തോറും പ്രളയക്കെടുതികളും വളരെയധികം മുങ്ങിമരണങ്ങളും ഉണ്ടാവുന്ന കേരളത്തിൽ നീന്തൽ പരിശിലനവും അനുബന്ധ കാര്യങ്ങളും നടത്താൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വഴി നടപടി സ്വീകരിക്കുമോ; | എ) | പോലീസിന്റെ കണക്കുകൾ പ്രകാരം 2007-2016 വരെ കേരളത്തിൽ 16,050 അപകട മുങ്ങി മരണം ഉണ്ടായിട്ടുണ്ട്; ഒരു വർഷം ശരാശരി 1605. പൊതുസുരക്ഷയെ മുൻനിർത്തി മുങ്ങിമരണങ്ങളുടെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു പദ്ധതിയ്ക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. ഏപ്രിൽ 2019 ൽ സാമൂഹിക മാധ്യമങ്ങളിലൂടെ ജല സുരക്ഷാ ബോധവത്ക്കരണ പരിപാടി നടത്തി. പ്രസ്തുത പരിപാടിയുടെ ഭാഗമായി പുറപ്പെടുവിക്കുന്ന സന്ദേശങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുവാൻ ഫേസ് ബുക്ക് വാട്സ്ആപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിക്കുകയും വിദ്യാഭ്യാസ വകുപ്പ് നീന്തൽ പരിശീലനത്തിനുള്ള പദ്ധതികളും, ഫയർഫോഴ്സ് ബോധവൽക്കരണ പരിപാടികളും, സിനിമാ തീയറ്ററുകളിൽ മുങ്ങി മരണ പ്രതിരോധ സന്ദേശങ്ങൾ അവധികാലത്തിന് മുന്നോടിയായി നല്കി. |
| ബി) | ജലസുരക്ഷ, നീന്തൽ പ്രവർത്തനങ്ങൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ട നടപടികൾ ദുരന്തനിവാരണ വകുപ്പ് വഴി സ്വീകരിക്കുമോ? | ബി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ നീന്തൽ പരിശീലകരെ ഉൾപ്പെടുത്തിക്കൊണ്ട് 10-10-2019 ന് അതോറിറ്റിയുടെ കാര്യാലയത്തിൽ യോഗം കൂടുകയുണ്ടായി. മുങ്ങിമരണ ലഘൂകരണവുമായി ബന്ധപെട്ട് ഒരു സമഗ്രമായ പദ്ധതി രൂപകൽപന ചെയ്യുന്നതിനും പദ്ധതി നടത്തിപ്പിലും നീന്തൽ പരിശീലകരുടെ സേവനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് പരിശോധിച്ചു. കേരളത്തിലെ |

| | | | |
|---|---|---|---|
| | | | പ്രഗത്ഭരായ മുപ്പത്തഞ്ചോളം നീന്തൽ പരിശീലകർ ഈ യോഗത്തിൽ പങ്കെടുത്തു. തുടർ ചർച്ചകൾക്കായി Sports, Youth Welfare എന്നീ വകുപ്പുകളുമായി യോഗം നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ